श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**സംഗ്രഹം**

അക്കാദമിക് വിഭാഗം – സർവകലാശാലയുടെ ബിരുദ – ബിരുദാനന്തര പ്രോഗ്രാമുകളിൽ പ്രവേശനത്തിന് സംവരണമൊഴികെ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് സർവകലാശാല നൽകുന്ന ആനുകൂല്യങ്ങൾക്ക് ഭിന്നശേഷി വിഭാഗക്കാരെയും പരിഗണിക്കുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് ബി വിഭാഗം**

00678 / ACDB2 / SSUS / 2022 (1) തീയതി,കാലടി,22-10-2023

പരാമർശം : 1. സ്റ്റേറ്റ് ഡിസബിലിറ്റി കമ്മീഷണറുടെ 3/11/22 ലെ OP( RPWD) No. 1291/S3/2022 ഉത്തരവ്.
2. 03.10.2023 ന് ചേർന്ന 211ാമത് സിൻഡിക്കേറ്റ് യോഗ തീരുമാനം, അഡീഷ്ണൽ അജണ്ട ഐറ്റം നം. 1

**<u>ഉത്തരവ്</u>**

മേൽ പരാമർശം(1) പ്രകാരം, സ്റ്റേറ്റ് ഡിസബിലിറ്റി കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ലഭിച്ച ഉത്തരവിൽ, സർവകലാശാലയുടെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള ബിരുദ ബിരുദാനന്തര പ്രവേശനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ(കട്ട് ഓഫ് മാർക്ക്/സ്കോർ, വയസ്സ്) എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ, ഭിന്നശേഷി വിദ്യാർത്ഥികൾക്കും ലഭ്യമാകുന്ന തരത്തിൽ പുനഃക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത വിഷയത്തിൽ തീരുമാനത്തിനായി സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കുന്നതിന് ഉത്തരവാകുകയും പരാമർശം(2) പ്രകാരമുള്ള സിൻഡിക്കേറ്റ് മേൽ വിഷയം പരിഗണിക്കുകയും, 11.09.2023 ൽ നടന്ന സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെയും 27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് സംവരണമൊഴികെ പട്ടികജാതി / പട്ടികവർഗ വിദ്യാർത്ഥികൾക്ക് സർവകലാശാല നൽകുന്ന ആനുകൂല്യങ്ങൾക്ക് ഭിന്നശേഷി വിഭാഗക്കാരെയും പരിഗണിക്കാമെന്ന് തീരുമാനിച്ചു.

മേൽ സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കി ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**ഡോ ഗോപാലകൃഷ്ണൻ എം ബി**
**രജിസ്ട്രാർ**

സ്വീകർത്താവ്

1. എല്ലാ പ്രാദേശിക കേന്ദ്രം ഡയറക്ടർമാർക്കും / വകുപ്പ് മേധാവിമാർക്കും
2. വിസി/പി.വി.സി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. ഡി.ആർ /എ.ആർ(പരീക്ഷ/അക്കാദമിക് വിഭാഗം)/എൻട്രൻസ് സെൽ
4. എസ്.എഫ്/ഫയൽ കോപ്പി
5. ഐ.ടി. ഇൻ ചാർജ്- വെബ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്

ഉത്തരവിൻ പ്രകാരം

Signature Valid
Digitally signed by Shamla K A
Date: 2023-10-25 12.29.21 +0530

സെക്ഷൻ ഓഫീസർ